**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.369.** **1/12/2015-ൽ മറുപടിക്ക്**

# ചെറുകിട ജല വൈദ്യുത നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, എ.റ്റി. ജോർജ്<br>,, വർക്കല കഹാർ<br>,, സി.പി. മുഹമ്മദ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചെറുകിട ജല വൈദ്യുതനയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2012-ലെ പ്രസ്തുത നയം 25 MW ശേഷിവരെയുള്ള പദ്ധതികൾക്കു വേണ്ടി മാത്രമാണ്. ഇതു പ്രകാരം മത്സരാധിഷ്ഠിത ദർഘാസ് വഴി വരുന്ന സംരംഭകർ പദ്ധതികൾ അനുവദിച്ചതു മുതൽ 30 വർഷത്തേയ്ക്ക് BOOT (Built, Own, Operate, Transfer) അടിസ്ഥാനത്തിൽ ഇന്റിപെന്റന്റ് പവർ പ്രോജക്ട്സ്(IPP) ആയോ ക്യാപ്റ്റീവ് പവർ പ്രോജക്ട്സ് (CPP)ആയോ നടപ്പിലാക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് നയം നടപ്പാക്കുന്നത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിച്ച് 2017 -ഓടുകൂടി 150MW ന്റെ അധിക വർദ്ധനവാണ് ഈ നയം വഴി ഉദ്ദേശിക്കുന്നത്. |

(സി) എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

സംരംഭകർ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പ് അദ്ധ്യക്ഷൻമാർ അംഗങ്ങളായ ഏകജാലക സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ സമർപ്പിക്കപ്പെടുന്ന പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിലേയ്ക്കായി ഈ മേഖലയിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഊർജ്ജ വകുപ്പ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഒരു കമ്മറ്റിയും പ്രവർത്തിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**